# യേശുവിന്റെ രക്തം

ശുദ്ധീകരിക്ക.... ശുദ്ധീകരിക്ക....

യേശുവിന്റെ രക്തത്താലെന്നെ.. ശുദ്ധീകരിക്ക....(2)

നാശകരമായ ദോഷചിന്തയിൽ നിന്നും

ശ്വാശതവചനത്താൽ വീണ്ടെടുത്ത്

നാഥന്റെ ഉള്ളിലെന്നും ദീപമായി

നന്മകളാൽ പാരിന് പരിമളമേകീടും.... (ശുദ്ധീകരിക്ക.... ശുദ്ധീകരിക്ക....

കുമ്പിടുന്നേ ഞാൻ കുമ്പിടുന്നേ

കർത്തന്റെ പാദത്തിലെന്നും കുമ്പിടുന്നേ

കള്ളനെപ്പോലെയെന്നെയും കയററിടണേ

കഷ്ടങ്ങളിൽ നിന്നും തിരുക്കരങ്ങളിൽ .. (ശുദ്ധീകരിക്ക.... ശുദ്ധീകരിക്ക....

ഏദനിലാദാമിനെ കാത്ത ദൈവം

എന്നെയും ഈ ഭൂവിൽ കാത്തീടണേ

എല്ലാ സൃഷ്ടികളും വണങ്ങിടുന്നേ

ഏകീടണേ നാഥാ നന്മകൾ എന്നും... (ശുദ്ധീകരിക്ക.... ശുദ്ധീകരിക്ക....

യേശുമണവാളനെയും കാത്തിടുന്ന

ഏഴയായ ദാസരെയും കൂട്ടിടാനായ്

ഗംഭീരനാദത്തോടെ എഴുന്നുള്ളുന്നേ

മണവാട്ടി സഭയെ എതിരേററീടാൻ.... (ശുദ്ധീകരിക്ക.... ശുദ്ധീകരിക്ക....



ബിജോയ് ശാമുവേൽ അബുദാബി